(സി) ഈ പദ്ധതിക്കായി എത്ര യുവജനങ്ങളെ തെരഞ്ഞെടുക്കുമെന്നും ഇവർക്ക് ഏതെല്ലാം തരത്തിലുള്ള പരിശീലനങ്ങൾ നൽകുമെന്നും വ്യക്തമാക്കുമോ ;

(ഡി) സേവന കേന്ദ്രങ്ങൾ വഴിയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിനു കീഴിൽ നടന്ന വികസന പ്രവർത്തനങ്ങൾ

227 (1196) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പിനുകീഴിൽ നടന്ന വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദ വിവരം ലഭ്യമാക്കുമോ ;

(ബി) ഇതിനായി ഓരോന്നിനും എത്ര തുക വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള റോഡിന്റെ നിർമ്മാണം

228 (1197) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ ഉള്ളതും, തണ്ണിത്തോട് മൂഴിയിൽ നിന്നും കരിമാൻതോടിന് പോകുന്നതുമായ റോഡ് പ്ലാന്റേഷൻ കോർപ്പറേഷന്റെ അതിർത്തിയായ അള്ളുങ്കൽ മുതൽ 2.75 കി.മീ. ഭാഗം കെ.എസ്.ടി.പി. മാതൃകയിൽ പൂർത്തീകരിക്കുമെന്ന് ബഹു. മന്ത്രി സഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(സി) ഈ വിഷയം സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) 6-7-2010-ൽ നൽകിയ കത്തിന്മേൽ നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത വർക്കിനെ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) നടപടികൾ കൈക്കൊള്ളുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ മേശപ്പുറത്ത് വയ്ക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) പ്ലാന്റേഷൻ കോർപ്പറേഷൻ വനം വകുപ്പിൽ നിന്നും പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന തണ്ണിത്തോട് എസ്റ്റേറ്റിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉപയോഗത്തിനായി നിർമ്മിച്ചിട്ടുള്ള ഉദ്ദേശം 2.75 കി.മീ. റോഡ് പൊതുജനങ്ങളും കൂടി ഉപയോഗിച്ചു വരികയാണ്.

(ഇ) ഈ റോഡിന്റെ ഉപരിതലം പുതുക്കൽ ചെയ്യുന്നതിലേക്കായി 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി മൂന്ന് മാസത്തിനകം പണികൾ പൂർത്തീകരിക്കുന്നതിനായി 11-1-2011-ൽ കോർപ്പറേഷൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി റോഡിന്റെ കരാറുകാരൻ പണിക്കാവശ്യമായ സാധനങ്ങൾ സംഭരിച്ചു വരികയാണ്. പ്രസ്തുത പണിക്ക് ആവശ്യമായ 'ടാർ' കേരള സംസ്ഥാന സംരംഭമായ SIDCO-യിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) വർക്ക് ഓർഡറിന്റെ പകർപ്പും SIDCO-യ്ക്ക് നൽകിയ ഓർഡറിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.*

2011-ലെ സെൻസസ് പ്രകാരം കർഷകർ എന്ന പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവർ

229 (1196) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ 2011-ലെ സെൻസസിൽ സംസ്ഥാനത്തെ റബർ, തേയില, കാപ്പി, തെങ്ങ്, അടയ്ക്ക തുടങ്ങിയവ കൃഷി ചെയ്യുന്നവരെ 'കർഷകൻ' എന്ന പട്ടികയിൽ നിന്നും ഒഴിവാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാർ വിലയിരുത്തുകയോ അനന്തര നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

കാർഷിക കടാശ്വാസപദ്ധതി മുഖേന കർഷകർക്ക് ധനസഹായം

230 (1199) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക കടാശ്വാസപദ്ധതി മുഖേന എത്ര കർഷകർക്ക് ധനസഹായം നൽകാൻ ഈ സർക്കാരിനു കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly